പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2057 **26-10-2026-ൽ മറുപടിയ്ക്ക്**

കണ്ണൂർ ജില്ലയിലെ ഭക്ഷ്യസുരക്ഷാ പരിശോധനാ സംവിധാനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പഴകിയതും മായം ചേർത്തതുമായ ഭക്ഷണം, വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ/ക്ലൗബാറുകൾ, ഗുണനിലവാരമില്ലാത്ത കുടിവെള്ളത്തിന്റെ ഉപയോഗം എന്നിവ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

മറുപടി: സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, ഭക്ഷണശാലകൾ, മറ്റ് വിവിധ ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പതിവ് പരിശോധനകളുടെ ഭാഗമായും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും പ്രത്യേക പരിശോധനാ പ്രവർത്തനങ്ങളുടെ ഭാഗമായും പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും വിൽപ്പന നടത്തുന്നതുമായ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനായി എൻഫോഴ്സ്മെന്റ് സാമ്പിളുകളും സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് ലബോറട്ടറി പരിശോധനയ്ക്ക് അയയ്ക്കുന്നു. ലബോറട്ടറി പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിക്കാത്ത ഭക്ഷ്യസാമ്പിളുകളുമായി ബന്ധപ്പെട്ട് നിയമപ്രകാരം ആവശ്യമായ അഡ്ജൂഡിക്കേഷൻ, പ്രോസിക്യൂഷൻ തുടങ്ങിയ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രത്യേക പരിഗണന നൽകിവരുന്നു. സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ മുഖേനയും ഫീൽഡ് തലത്തിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തിയും കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്തൊട്ടാകെയും പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലും ഇത്തരം ലംഘനങ്ങൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ പിഴയടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തൊട്ടാകെ (കണ്ണൂർ ഒഴിച്ചുള്ള കണക്കുകൾ) ഇത്തരം വിഷയത്തിൽ 768 പ്രോസിക്യൂഷൻ കേസുകൾ, 1123 അഡ്ജ്യൂഡിക്കേഷൻ കേസുകൾ എന്നിവ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ 382 പ്രോസിക്യൂഷൻ കേസുകളും, 901 അഡ്ജ്യൂഡിക്കേഷൻ കേസുകളും കോടതി തീർപ്പാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇത്തരം ലംഘനങ്ങൾക്കെതിരെ 67 പ്രോസിക്യൂഷൻ കേസുകളും 83 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. 76 എണ്ണം കേസ് ഫയൽ

ചെയ്യുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നിയമലംഘനം റിപ്പോർട്ട് ചെയ്ത 564 കേസുകളിൽ 428 എണ്ണത്തിൽ പിഴ (കോമ്പൌണ്ടിങ്ങ്) ചുമത്തിയിട്ടുള്ളതുമാണ്.

(സി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനും ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള അത്യാധുനിക ലാബ് പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിലുണ്ട്; കണ്ണൂർ ജില്ലയിൽ നിലവിൽ ഇത്തരത്തിലുള്ള ഭക്ഷ്യപരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ടോ;

മറുപടി: ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനും ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള അത്യാധുനിക ലാബ് പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിലില്ല. ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനും ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള അത്യാധുനിക ലാബ് പരിശോധനാ സംവിധാനങ്ങൾ ഉള്ളത് ഗവ. അനലിസ്റ്റ്സ് ലബോറട്ടറി തിരുവനന്തപുരം, റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി എറണാകുളം, റീജിയണൽ അനലറ്റിക്കൽ ലബോറട്ടറി കോഴിക്കോട് എന്നിവിടങ്ങളിൽ മാത്രമാണ്. കണ്ണൂർ ജില്ലയിൽ ഭക്ഷ്യപരിശോധനാ ലാബ് പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും പൂർണ്ണ രീതിയിൽ പ്രവർത്തന സജ്ജമായിട്ടില്ല. പ്രസ്തുത ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഡി) കണ്ണൂർ ജില്ലയിൽ ലാബ് സൗകര്യമുണ്ടെങ്കിൽ, കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര സാമ്പിളുകൾ അവിടെ പരിശോധനയ്ക്കായി എത്തിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

മറുപടി: കണ്ണൂർ ജില്ലയിൽ 2372 സാമ്പിളുകൾ (വെള്ളം) പരിശോധിച്ചിട്ടുണ്ട്. ഇതിൽ ഗുണനിലവാരമില്ലാത്തതായി ഒന്നും കണ്ടെത്തിയിട്ടില്ല.

(ഇ) ജില്ലകളിൽ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകൾ അവരുടെ NABL, FSSAI-NABL integrated scopes-ൽ കൂടുതൽ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്, അങ്ങനെ വിശകലനം ചെയ്യാനും പരിശോധനാ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താനും കഴിയുന്ന chemical and microbiological parameters കളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയും. പത്തനംതിട്ട ജില്ലാ ലാബ് പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു, മൂന്ന് മാസത്തിനുള്ളിൽ എൻ. എ. ബി. എൽ അക്രഡിറ്റേഷന് അപേക്ഷിക്കാനുള്ള തയ്യാറെടുപ്പിലാണ്. State and MOU ഫണ്ടുകൾ ഉപയോഗിച്ചാണ് basic and high end equipments വാങ്ങുന്നത്. കണ്ണൂരിൽ പുതിയ ലാബിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, ഭക്ഷണശാലകൾ, മറ്റ് വിവിധ ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പതിവ് പരിശോധനകളുടെ ഭാഗമായും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും പ്രത്യേക പരിശോധനാ പ്രവർത്തനങ്ങളുടെ ഭാഗമായും പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും വിൽപ്പന നടത്തുന്നതുമായ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനായി എൻഫോഴ്സ്മെന്റ് സാമ്പിളുകളും സർവൈലൻസ് സാമ്പിളുകളും ശേഖരിച്ച് ലബോറട്ടറി പരിശോധനയ്ക്ക് അയയ്ക്കുന്നു. ലബോറട്ടറി പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിക്കാത്ത ഭക്ഷ്യസാമ്പിളുകളുമായി ബന്ധപ്പെട്ട് നിയമപ്രകാരം ആവശ്യമായ അഡ്ജൂഡിക്കേഷൻ, പ്രോസിക്യൂഷൻ തുടങ്ങിയ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ,

കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രത്യേക പരിഗണന നൽകിവരുന്നു. സംസ്ഥാനത്തെ ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ മുഖേനയും ഫീൽഡ് തലത്തിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തിയും കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു.

സെക്ഷൻ ഓഫീസർ